(ബി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം കോങ്ങാട് മണ്ഡലത്തിന് ഒരു റോഡ് പോലും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ആയതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ പ്രകാരം റോഡുകൾക്ക് ഭരണാനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതി പ്രകാരം ചില മണ്ഡലങ്ങളിൽ ഒരു റോഡിനുപോലും ഭരണാനുമതി നൽകാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതിപ്രകാരം, കോങ്ങാട് മണ്ഡലത്തിലെ ഗ്രാമീണ് റോഡുകൾ പുനരുദ്ധരിക്കുന്നതിന് 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

അലൈപ്പാട്-അവിയകളം-കരിശ്ശുംമൂട് റോഡ്

349 (1434) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജക മണ്ഡലത്തിലെ പള്ളിക്കൽ പഞ്ചായത്തിലുള്ള അലൈപ്പാട്-അവിയകളം-കരിശ്ശുംമൂട് റോഡ് നിർമാണത്തിന് ഇക അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ആരെല്ലാം നിവേദനങ്ങൾ നൽകുകയുണ്ടായി എന്നറിയിക്കുമോ ;

(ബി) പ്രസ്തുത നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തിയശേഷമാണോ എത്ര ഇക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അടൂർ എം എൽ.എ.-യുടെ നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാന പാതയുടെ ടാറിംഗ്

350 (1435) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാനപാതയുടെ ടാറിംഗിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ:

LIBRARY ARCHIVES Kerala Legislative Assembly